

സൂറ-20

# താഹാ

**ആയത്ത് 131 മുതൽ 135 വരെ**

മനുഷ്യരെ സൗഭാഗ്യം കൊണ്ടും ദൗർഭാഗ്യം കൊണ്ടും പരീക്ഷിച്ചുകൊണ്ടിരിക്കുക അല്ലാഹുവിന്റെ ചര്യയാകുന്നു. ദൗർഭാഗ്യം കൊണ്ട് പരീക്ഷിക്കുന്നത് ക്ഷമയും സഹനശക്തിയുമാണ്. സൗഭാഗ്യങ്ങളിലൂടെ അല്ലാഹുവിനോടുള്ള നന്ദിയും കൂറും അവ താൽപര്യപ്പെടുന്ന ഉത്തരവാദിത്തങ്ങളും പരീക്ഷിക്കുന്നു.

**131.** ഈ ലോകത്ത് പലതരം ആളുകൾക്ക് ഭൗതിക ജീവിതത്തിന്റെ പകിട്ടായി നാം നൽകിയിട്ടുള്ള വിഭവസമൃദ്ധിയിൽ നീ കണ്ണു വയ്ക്കരുത്. അതുവഴി നാം അവരെ പരീക്ഷിക്കുകയാകുന്നു. നിന്റെ നാഥൻ നൽകിയിട്ടുള്ള ഹിതകരമായ ജീവിത വിഭവമാകുന്നു യഥാർഥത്തിൽ വിശിഷ്ടമായതും നിലനിൽക്കുന്നതും.

وَلَا تَمُدَّنَّ عَيْنَيْكَ إِلَىٰ مَا مَتَّعْنَا بِهِۦٓ أَزْوَٰجًا مِّنْهُمْ زَهْرَةَ ٱلْحَيَوٰةِ ٱلدُّنْيَا
لِنَفْتِنَهُمْ فِيهِ ۚ وَرِزْقُ رَبِّكَ خَيْرٌ وَأَبْقَىٰ ﴿١٣١﴾

**132.** നീ സ്വന്തം കുടുംബത്തോട് നമസ്കരിക്കാൻ കൽപിക്കുക. അതിൽ സ്വയം സ്ഥിരനിഷ്ഠനായിരിക്കുക. നാം നിന്നോട് വിഭവമൊന്നും തേടുന്നില്ല. നിനക്കു വിഭവം നൽകുന്നത് നാമാകുന്നു. ശുഭ പരിണതി ദൈവഭക്തിക്ക് മാത്രമുള്ളതല്ലോ.

وَأْمُرْ أَهْلَكَ بِٱلصَّلَوٰةِ وَٱصْطَبِرْ عَلَيْهَا ۖ لَا نَسْـَٔلُكَ رِزْقًا ۖ نَّحْنُ نَرْزُقُكَ ۗ
وَٱلْعَٰقِبَةُ لِلتَّقْوَىٰ ﴿١٣٢﴾

**133.** ഇയാൾ വിധാതാവിങ്കൽനിന്ന് ഒരു ദൃഷ്ടാന്തം കൊണ്ടുവരാത്തതെന്ത് എന്ന് ഇക്കൂട്ടർ ചോദിക്കുന്നുണ്ടല്ലോ. പൂർവവേദങ്ങളിലുള്ള പ്രമാണങ്ങളുടെ വിശദീകരണം അവർക്കു ലഭിച്ചിട്ടില്ലെന്നോ?

وَقَالُوا۟ لَوْلَا يَأْتِينَا بِـَٔايَةٍ مِّن رَّبِّهِۦٓ ۚ أَوَلَمْ تَأْتِهِم بَيِّنَةُ مَا فِى ٱلصُّحُفِ ٱلْأُولَىٰ
﴿١٣٣﴾

**134.** ഈ പ്രവാചകന്റെ ആഗമനത്തിനുമുമ്പ് നാം ഇവരെ ശിക്ഷയാൽ നശിപ്പിച്ചിരുന്നുവെങ്കിൽ തീർച്ചയായും ഇവർ പറയുമായിരുന്നു: നാഥാ ഞങ്ങൾ അധമരും അപമാനിതരുമായിത്തീരുന്നതിനുമുമ്പ് നിന്റെ സൂക്തങ്ങൾ പിൻപറ്റുന്നതിന് ഞങ്ങളിലേക്കൊരു ദൈവദൂതനെ അയക്കാതിരുന്നതെന്ത്?

وَلَوْ أَنَّآ أَهْلَكْنَٰهُم بِعَذَابٍ مِّن قَبْلِهِۦ لَقَالُوا۟ رَبَّنَا لَوْلَآ أَرْسَلْتَ إِلَيْنَا رَسُولًا
فَنَتَّبِعَ ءَايَٰتِكَ مِن قَبْلِ أَن نَّذِلَّ وَنَخْزَىٰ ﴿١٣٤﴾

**135.** പ്രവാചകൻ അവരോട് പറയുക: എല്ലാവരും അന്തിമ പരിണതി കാത്തിരിക്കുന്നവരാണ്. ആകയാൽ നിങ്ങളും കാത്തിരിക്കുവിൻ. നേർവഴിക്കു നടക്കുന്നവരാരെന്നും ലക്ഷ്യം പ്രാപിച്ചവരാരെന്നും താമസിയാതെ നിങ്ങൾ മനസ്സിലാക്കുന്നുണ്ട്.

قُلْ كُلٌّ مُّتَرَبِّصٌ فَتَرَبَّصُوا۟ ۖ فَسَتَعْلَمُونَ مَنْ أَصْحَٰبُ ٱلصِّرَٰطِ ٱلسَّوِىِّ وَمَنِ
ٱهْتَدَىٰ ﴿١٣٥﴾

وَلَا تَمُدَّنَّ = നീ നീട്ടരുത്(വെക്കരുത്) عَيْنَيْكَ = നിന്റെ രണ്ട് കണ്ണുകൾ
إِلَىٰ مَا مَتَّعْنَا بِهِۦٓ = അതിലേക്ക് (ഈ ലോകത്ത്) നാം യാതൊന്നുകൊണ്ട് സുഖിപ്പിച്ചുവോ
(നാം നൽകിയിട്ടുള്ള വിഭവ സമൃദ്ധിയിൽ)
أَزْوَٰجًا مِّنْهُمْ = (പലതരം ആളുകൾക്ക്) അവരിൽനിന്നുള്ള കൂട്ടങ്ങൾക്ക്
زَهْرَةَ ٱلْحَيَوٰةِ ٱلدُّنْيَا = ഭൗതിക ജീവിതത്തിന്റെ പൂവ് (പകിട്ട്) ആയിട്ട് لِنَفْتِنَهُمْ = നാം അവരെ പരീക്ഷി(ക്കുകയാകുന്നു)ക്കാൻ
فِيهِ ۚ = അതിൽ(അതുവഴി) وَرِزْقُ رَبِّكَ = നിന്റെ നാഥന്റെ(ൻ നൽകിയിട്ടുള്ള) ജീവിത വിഭവം ആകുന്നു
خَيْرٌ = ഉത്തമം (യഥാർഥത്തിൽ വിശിഷ്ടമായിട്ടുള്ളത്) وَأَبْقَىٰ = ഏറ്റം നിലനിൽക്കുന്നതും وَأْمُرْ = നീ കൽപിക്കുക
أَهْلَكَ = നിന്റെ കുടുംബത്തെ بِٱلصَّلَوٰةِ = നമസ്കാരം കൊണ്ട് وَٱصْطَبِرْ = നീ സ്വയം സ്ഥിരനിഷ്ഠനാവുക, പ്രതിബദ്ധനാവുക
عَلَيْهَا ۖ = അതിന്മേൽ لَا نَسْـَٔلُكَ = നാം നിന്നോട് ചോദിക്കുന്നില്ല رِزْقًا = വിഭവം (ഒന്നും) نَّحْنُ = നാം(ആകുന്നു)
نَرْزُقُكَ ۗ = നാം നിനക്കു വിഭവം നൽകുന്നു(ന്നത്) وَٱلْعَـٰقِبَةُ = അന്തിമ പരിണതി
لِلتَّقْوَىٰ = ദൈവഭക്തിക്കു(മാത്രമു)ള്ളതാകുന്നു وَقَالُوا۟ = അവർ പറഞ്ഞു(ഇക്കൂട്ടർ ചോദിക്കുന്നുണ്ടല്ലോ)
لَوْلَا يَأْتِينَا بِـَٔايَةٍ = (ഇയാൾ) ഞങ്ങൾക്ക് ഒരു ദൃഷ്ടാന്തവും കൊണ്ടുവരാത്തതെന്ത് مِّن رَّبِّهِۦٓ ۚ = അവന്റെ വിധാതാവിങ്കൽനിന്ന്
أَوَلَمْ تَأْتِهِم = അവർക്കു ലഭിച്ചിട്ടില്ലെന്നോ بَيِّنَةُ = തെളിവ്, വിശദീകരണം
مَا فِى ٱلصُّحُفِ ٱلْأُولَىٰ = (പൂർവവേദങ്ങളിലുള്ള പ്രമാണങ്ങളുടെ) ആദി ഏടുകളിലുള്ളതിന്റെ
وَلَوْ أَنَّآ أَهْلَكْنَـٰهُم = നാം ഇവരെ നശിപ്പിച്ചിരുന്നുവെങ്കിൽ بِعَذَابٍ = ശിക്ഷയാൽ
مِّن قَبْلِهِۦ = അവന്റെ (ഈ പ്രവാചകന്റെ ആഗമനത്തിനു)മുമ്പ് لَقَالُوا۟ = തീർച്ചയായും അവർ പറയുമായിരുന്നു
رَبَّنَا = ഞങ്ങളുടെ നാഥാ لَوْلَآ أَرْسَلْتَ = നീ അയക്കാതിരുന്നതെന്ത് إِلَيْنَا = ഞങ്ങളിലേക്ക് رَسُولًا = ഒരു ദൈവദൂതനെ
فَنَتَّبِعَ ءَايَـٰتِكَ = അങ്ങനെ ഞങ്ങൾ നിന്റെ സൂക്തങ്ങൾ പിൻപറ്റുന്നതിന് مِن قَبْلِ أَن نَّذِلَّ = ഞങ്ങൾ അധമരാകുന്നതിന് മുമ്പ്
وَنَخْزَىٰ = ഞങ്ങൾ അപമാനിതരാകുന്നതിനും قُلْ = (പ്രവാചകൻ അവരോട്) പറയുക
كُلٌّ = (ഞങ്ങൾ) എല്ലാ ഓരോരുത്തരും مُّتَرَبِّصٌ = കാത്തിരിക്കുന്നവ(ര)നാകുന്നു
فَتَرَبَّصُوا۟ ۖ = ആകയാൽ നിങ്ങളും കാത്തിരിക്കുവിൻ فَسَتَعْلَمُونَ = താമസിയാതെ നിങ്ങൾ അറിയും(മനസ്സിലാക്കുന്നുണ്ട്)
مَنْ أَصْحَـٰبُ ٱلصِّرَٰطِ ٱلسَّوِىِّ = ചൊവ്വായ വഴിയുടെ ആളുകളാരെന്ന് (നേർവഴിക്കു നടക്കുന്നവരാരാണെന്ന്)
وَمَنِ ٱهْتَدَىٰ = സന്മാർഗം (ലക്ഷ്യം) പ്രാപിച്ചവരാരെന്നും

## 131

**ഈ** സൂക്തത്തിലെ وَلَا تَمُدَّنَّ عَيْنَيْكَ إِلَىٰ مَا مَتَّعْنَا بِهِۦٓ أَزْوَٰجًا مِّنْهُمْ എന്ന വാക്യം സൂറഃ അൽഹിജ്ർ 88-ാം സൂക്തത്തിലും വന്നിട്ടുണ്ട്. അതിന്റെ അർഥവും താൽപര്യങ്ങളും *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. ഇവിടെ أَزْوَٰجًا مِّنْهُمْ -എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് അന്ന് മക്കയിലും ത്വാഇഫിലുമൊക്കെ ഉണ്ടായിരുന്ന പണക്കാരും പ്രതാപികളുമായ ആളുകളെയാണ്. അവരുടെ മുതലുകളൊക്കെ തനിക്കു കിട്ടിയെങ്കിൽ എന്ന് പ്രവാചകൻ ആഗ്രഹിക്കുന്നതിനെ വിലക്കുകയല്ല ഇവിടെ. അങ്ങനെയൊരാഗ്രഹം നബി(സ)ക്ക് ഒരിക്കലും ഉണ്ടായിട്ടില്ല. പക്ഷേ പണവും പ്രതാപവുമുള്ള ആളുകൾ അവരുടെ കഴിവുകൾ ചെകുത്താന്റെ മാർഗത്തിൽ വിനിയോഗിച്ച് നരകാർഹരായിത്തീരുന്നതിൽ അദ്ദേഹത്തിന് തീർച്ചയായും ഉൽകണ്ഠയുണ്ടായിരുന്നു. അവരൊക്കെ സത്യവിശ്വാസം കൈക്കൊണ്ട് ജീവിതം സംസ്കരിച്ച് നരകമുക്തരും സ്വർഗാവകാശികളുമായിത്തീർന്നെങ്കിൽ എന്ന് തിരുമേനി ആഗ്രഹിച്ചു. എങ്കിൽ അവരുടെ സ്വാധീനവലയത്തിലുള്ള ആളുകളും വിശ്വാസികളാകുമായിരുന്നു. അവരുടെ സമ്പത്തും ശക്തിയും ദൈവിക സന്ദേശത്തിന്റെ വ്യാപനത്തിനും വിജയത്തിനും പ്രയോജനപ്പെടുമായിരുന്നു. തന്റെ കൂടെയുള്ള പാവങ്ങളായ വിശ്വാസികൾക്ക് അവർ വലിയ തണലാവുകയും ചെയ്യുമായിരുന്നു. നല്ല ആരോഗ്യവും വിദ്യാഭ്യാസവുമുള്ള ചെറുപ്പക്കാർ അവരുടെ കഴിവുകൾ സാമൂഹിക വിരുദ്ധവും പൈശാചികവുമായ നടപടികളിൽ വിനിയോഗിച്ച് നശിക്കുന്നതു കാണുന്ന ഒരു സാമൂഹിക

പ്രവർത്തകൻ, ഈ ചെറുപ്പക്കാരുടെ അറിവും കഴിവും ആരോഗ്യവും തന്റെ സംസ്കരണ സംരംഭങ്ങളിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞെങ്കിൽ എന്നാശിക്കുന്നതുപോലെയാണിത്. ഇത്തരക്കാരോടുള്ള ഗുണകാംക്ഷ ഒരു പരിധിക്കപ്പുറം പോകരുത് എന്ന് ഉണർത്തിയിരിക്കുകയാണിവിടെ. അവരുടെ കൈവശമുള്ളതൊക്കെയും ക്ഷണികമായ ഭൗതികജീവിതത്തിന്റെ ബാഹ്യമോടിയാണ്. زهرة പൂവാണ്. زَهْرَةَ ٱلْحَيَوٰةِ ٱلدُّنْيَا എന്നത് زينة الحياة الدنيا -ജീവിതത്തിന്റെ അലങ്കാരം-എന്ന അർഥത്തിലുള്ള പ്രയോഗമാണ്. ജീവിതത്തിന്റെ ഈ അലങ്കാരങ്ങളെല്ലാം എന്നും അവരുടെ കൈയിൽ തന്നെ നിലനിൽക്കുമെന്ന് ആരും വ്യാമോഹിക്കേണ്ട. പൂവുകൾ അതിന്റെ സമയമായാൽ വാടിക്കൊഴിഞ്ഞുപോവും. പണക്കാരെ ആദരിച്ചുകൊണ്ടോ അവരോട് പ്രത്യേക സ്നേഹമുള്ളതുകൊണ്ടോ അല്ല അല്ലാഹു അവർക്ക് ഈ സൗഭാഗ്യങ്ങൾ നൽകിയിരിക്കുന്നത്. മനുഷ്യരെ സൗഭാഗ്യം കൊണ്ടും ദൗർഭാഗ്യം കൊണ്ടും പരീക്ഷിച്ചുകൊണ്ടിരിക്കുക അല്ലാഹുവിന്റെ ചര്യയാകുന്നു. ദൗർഭാഗ്യം കൊണ്ട് പരീക്ഷിക്കുന്നത് ക്ഷമയും സഹനശക്തിയുമാണ്. സൗഭാഗ്യങ്ങളിലൂടെ അല്ലാഹുവിനോടുള്ള നന്ദിയും കൂറും അവ താൽപര്യപ്പെടുന്ന ഉത്തരവാദിത്തങ്ങളും പരീക്ഷിക്കുന്നു. ഇതാണ് لِنَفْتِنَهُمْ فِيهِ എന്ന വാക്യത്തിന്റെ സാരം. ഈ പരീക്ഷണത്തിൽ വിജയിക്കുന്നവർ മാത്രമേ സത്യസന്ദേശം സ്വീകരിക്കുകയും വിശ്വാസികളുടെ സമാജത്തിൽ ചേരുകയുമുള്ളൂ. അല്ലാഹുവിന്റെ പരീക്ഷയിൽ വിജയിക്കാനാഗ്രഹിക്കുന്നില്ലെന്ന് വ്യക്തമായിക്കഴിഞ്ഞാൽ പിന്നെ, പണക്കാരല്ലേ, പ്രതാപികളല്ലേ എന്നു കരുതി അവരുടെ പിമ്പേ നടക്കേണ്ടതില്ല.

ഇസ്‌ലാമിക പ്രബോധന ദൗത്യത്തിനും, ഇസ്‌ലാമിൽ വിശ്വസിച്ച് നിന്റെ അനുയായികളായവർക്കും ഈ നന്ദികെട്ട അഹങ്കാരികളുടെ സംരക്ഷണം ആവശ്യമില്ല. നിങ്ങൾക്ക് വേണ്ടത് അല്ലാഹു നൽകും. അതാണ് വിശിഷ്ടവും നിലനിൽക്കുന്നതുമായ വിഭവം. ഈ നന്മയുടെ ചെടി അല്ലാഹുവിങ്കൽ നിന്നുള്ള ജീവജലം കൊണ്ടേ വളരൂ. അഴുക്കുചാലിൽനിന്ന് കോരിയെടുക്കുന്ന മലിന ജലം കൊണ്ട് അത് വളരില്ല. വളർന്നാൽ തന്നെ ഉദ്ദിഷ്ട ഫലം ലഭിക്കുകയില്ല. കെട്ട കായകൾ മാത്രമേ ലഭിക്കൂ. ഇതാണ് وَرِزْقُ رَبِّكَ خَيْرٌ وَأَبْقَىٰ എന്ന വാക്യത്തിന്റെ താൽപര്യം.

## 132

**അഹ്ൽ** ന്റെ സാധാരണ അർഥം കുടുംബം എന്നാണെങ്കിലും സമൂഹം, വാഹകർ, അനുയായികൾ എന്ന അർഥത്തിലും ധാരാളമായി ഉപയോഗിക്കാറുണ്ട്. اهل القرية നാട്ടുകാരാണ്. اهل الكتاب വൈദിക മതക്കാർ. اهل القرآن ഖുർആന്റെ വാഹകർ. ഈ അർഥത്തിലാണ് ഇവിടെ وَأْمُرْ أَهْلَكَ എന്നു കൽപിച്ചിരിക്കുന്നത്. അതിൽ പ്രവാചക കുടുംബവും അതിനു പുറത്തുള്ളവരും പെടുന്നു. പ്രവാചകന്റെ അനുയായികൾ പ്രയാസങ്ങളനുഭവിക്കുന്നുണ്ടെന്ന് അല്ലാഹുവിന്നറിയാം. സഹനശക്തിയും സ്ഥൈര്യവും വളരാൻ അവർക്ക് നമസ്കാരം ഉപദേശിക്കുക, അത് സ്വയം നിഷ്ഠയോടെ അനുഷ്ഠിച്ചുകൊണ്ട് നീ അവർക്ക് മാതൃകയാവുകയും ചെയ്യുക. ഒരു കാര്യത്തിൽ ക്ഷമാപൂർവം സ്ഥിരമായ അധ്വാനവും ശ്രദ്ധയും ചെലുത്തുകയാണ് اصطبار. കൃഷിയിൽ ദത്തശ്രദ്ധനായി പ്രയത്നം ചെലുത്തുന്ന കർഷകന് നല്ല വിള കിട്ടുന്നതുപോലെ സ്ഥിരമായും വ്യവസ്ഥാപിതമായും നമസ്കരിക്കുന്നവർക്ക് ഭൗതികവും പാരത്രികവുമായ അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കും. അവർക്ക് ഉപജീവനത്തിന് ഒരിക്കലും പരാശ്രയം വേണ്ടിവരില്ല. وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مَخْرَجًا ﴿٢﴾ وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ "അല്ലാഹുവിൽ ഭയഭക്തി പുലർത്തുന്നവന്ന് അവൻ മോചനമാർഗമുണ്ടാക്കുകയും അവൻ കണക്കു കൂട്ടാത്ത രീതികളിലൂടെ ജീവിത വിഭവമരുളുകയും ചെയ്യുന്നു" (65:2-3). പ്രകൃത സൂക്തത്തിന്റെ താൽപര്യമനുസരിച്ച് ക്ലേശഘട്ടങ്ങളിൽ നബി(സ) അനുയായികളോട് നമസ്കരിക്കാൻ ഉപദേശിച്ചിരുന്നതായി നിവേദനമുണ്ട്.

لَا نَسْـَٔلُكَ رِزْقًا എന്ന വാക്കിന്റെ താൽപര്യം ഇതാണ്: തന്റെയും കൂട്ടുകാരുടെയും ആഹാര വിഭവങ്ങൾ സമ്പാദിക്കാൻ അല്ലാഹു പ്രവാചകനോടാവശ്യപ്പെടുന്നില്ല. നിങ്ങൾക്ക് ആവശ്യമായ വിഭവം അല്ലാഹു നൽകിക്കൊണ്ടിരിക്കും. نَّحْنُ نَرْزُقُكَ. ആ ചുമതല അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. പ്രവാചകൻ, ഏൽപിച്ച ദൗത്യവുമായി മുന്നോട്ടുപോവുക. നമസ്കാരം നിഷ്ഠയോടെ നിർവഹിച്ചുകൊണ്ടിരിക്കുക. ബാക്കി കാര്യങ്ങൾ അല്ലാഹുവിന് വിട്ടേക്കൂ. ഇവിടെ 'നാം നിനക്ക് വിഭവം നൽകും' نَرْزُقُكَ എന്നുപറഞ്ഞത് പ്രവാചകൻ ഇസ്‌ലാമിക കുടുംബത്തിന്റെ നായകനാണ് എന്ന നിലക്കാണ്. അദ്ദേഹത്തിന് വിഭവം നൽകും എന്നുപറയുന്നത് അദ്ദേഹത്തിന്റെ കുടുംബത്തിന്-മുസ്‌ലിം സമൂഹത്തിന് മുഴുവൻ-നൽകും എന്നുപറയുന്നതിനു തുല്യമാണ്. വിശ്വാസികളുടെ നായകനായ പ്രവാചകൻ(സ) വിശ്വാസികൾക്കെല്ലാം അവശ്യ വിഭവങ്ങൾ ലഭ്യമാക്കാൻ പരിശ്രമിച്ചിരുന്നു. പ്രവാചകന് ശേഷം ഇത് നേതൃത്വത്തിന്റെ ബാധ്യതയായി തിരുമേനിയുടെ ഖലീഫമാർ ഏറ്റെടുത്തു. ഇസ്‌ലാമിക രാജ്യത്തിന്റെ ഏതെങ്കിലുമൊരു മൂലയിൽ ഒരാൾ പട്ടിണി കിടന്നാൽ താൻ അതിനു സമാധാനം പറയേണ്ടിവരുമെന്നായിരുന്നു ഖലീഫ ഉമറി(റ)ന്റെ നിലപാട്.

وَٱلْعَـٰقِبَةُ لِلتَّقْوَىٰ എന്ന വാക്യം അഹങ്കാരികളായ ധനാഢ്യന്മാർക്കുള്ള താക്കീതും വിശ്വാസികൾക്കുള്ള സുവിശേഷവുമാണ്. നിങ്ങളുടെ സമ്പത്തും സുഖസൗകര്യങ്ങളും ഈ ലോകത്തേക്കു മാത്രമുള്ളതാണ്. നാളെ പരലോകത്തെത്തുമ്പോൾ ഇന്നു നിങ്ങൾ പുച്ഛിക്കുന്ന പാവങ്ങളെക്കാൾ പരിതാപകരമായിരിക്കും നിങ്ങളുടെ അവസ്ഥ എന്നാണ് സമ്പന്നരോടുള്ള താക്കീത്. ദൈവഭക്തരായി ജീവിച്ചവർ ഇവിടെ ദാരിദ്ര്യവും കഷ്ടപ്പാടുകളും അനുഭവിക്കേണ്ടിവന്നാലും അവരുടെ പാരത്രിക ഗതി ശുഭകരവും സൗഭാഗ്യകരവുമായിരിക്കുമെന്നാണ് വിശ്വാസികൾക്കുള്ള സുവിശേഷം.

നമസ്കാരം ഉപജീവനം ഉറപ്പാക്കുന്നതെങ്ങനെയെന്ന് ബാഹ്യദൃഷ്ടാക്കൾ അത്ഭുതപ്പെട്ടേക്കാം. യഥാർഥ നമസ്കാരവുമായി പരിചയപ്പെട്ടിട്ടില്ലാത്തവർക്കും നമസ്കാരത്തിന്റെ ആത്മാവെന്തെന്നറിയാത്തവർക്കും സത്യം മനസ്സിലാക്കാനാവില്ല. അത് പറഞ്ഞോ കേട്ടോ അറിയേണ്ട കാര്യമല്ല. അനുഭവിച്ചറിയേണ്ട യാഥാർഥ്യമാണ്. അനുഭവത്തിലൂടെ മാത്രമേ അതു ബോധ്യപ്പെടൂ. നമസ്കാരത്തിന്റെ രുചിയറിഞ്ഞവർക്കു

മാത്രമേ അതിലെന്താണുള്ളതെന്ന് മനസ്സിലാക്കാൻ കഴിയൂ. ഇതാണ് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ മറുപടി.

## 133

**ഈ** സൂക്തം ഉന്നയിക്കുന്ന ചോദ്യം അവിശ്വാസികൾ പല സന്ദർഭങ്ങളിൽ പല രീതിയിൽ ചോദിക്കാറുള്ളതാണ്. പ്രവാചക സന്ദേശത്തിനു മുമ്പിൽ ഉത്തരം മുട്ടുമ്പോൾ അവസാനം അവലംബിക്കുന്ന തന്ത്രത്തിന്റെ രൂപത്തിലാണ് ഇവിടെ ഇത വതരിപ്പിക്കുന്നത്: 'ശരി, മുഹമ്മദ് ഉന്നയിക്കുന്ന തത്ത്വദർശനങ്ങളും ധർമസൂക്തങ്ങളുമൊക്കെ സത്യമാണെന്നു സമ്മതിക്കാം. പക്ഷേ ഇയാൾ ദൈവം നിയോഗിച്ച പ്രവാചകൻ തന്നെയാണെന്നതിന് എന്താണ് തെളിവ്? അതു ഞങ്ങളെ ബോധ്യപ്പെടുത്താൻ പര്യാപ്തമായ ദൃഷ്ടാന്തമൊന്നും കാണിച്ചുതരാത്തതെന്തേ? ഇയാൾ പറഞ്ഞതുകൊണ്ടു മാത്രം ഇയാളെ പ്രവാചകനായി അംഗീകരിക്കാൻ ഞങ്ങൾക്കാവില്ല; ഈ വാദം പ്രവാചകന്റെ കാലശേഷവും പലരും ഉന്നയിച്ചുപോന്നിട്ടുണ്ട്. ഇസ്‌ലാമിനെ ആഴത്തിൽ പഠിച്ച അവിശ്വാസികളായ പല പണ്ഡിതന്മാരും ഈ നിലപാട് പ്രകടിപ്പിച്ചിട്ടുണ്ട്: 'മുഹമ്മദ് അവതരിപ്പിച്ച തത്ത്വങ്ങളും നിയമങ്ങളും വിശിഷ്ടങ്ങളാണ്. എക്കാലത്തും അംഗീകരിക്കപ്പെടേണ്ട സത്യങ്ങളാണ്. ഒരു 'കളവേ' അയാൾ പറഞ്ഞിട്ടുള്ളൂ. താൻ ദൈവം നിയോഗിച്ച പ്രവാചകനാണെന്ന അവകാശവാദമാണത്. മുഹമ്മദീയ മതം മറ്റു മതങ്ങളെ അപേക്ഷിച്ച് ഏറെ വിശിഷ്ടവും സത്യനിഷ്ഠവുമാണെങ്കിലും അയാൾ പ്രവാചകനാണെന്നതിന് ന്യായമാകുന്നില്ല. അതിനുവേറെ തെളിവു വേണം.' ഇങ്ങനെ പ്രാവചകനിൽ വിശ്വസിക്കുന്നതിൽ നിന്നൊഴിഞ്ഞു മാറുന്നവർ അതുവഴി പ്രവാചക സന്ദേശം അനുസരിക്കാനുള്ള ബാധ്യതയിൽനിന്നും ഒഴിഞ്ഞുമാറുന്നു.

മക്കയിലെ ഖുറൈശികൾ ആവശ്യപ്പെട്ട ദൃഷ്ടാന്തം ഗോചരമായ ദിവ്യാത്ഭുതങ്ങളും, ഖുർആൻ സത്യനിഷേധികളെ താക്കീതു ചെയ്യുന്ന ദൈവിക ശിക്ഷകളുമായിരുന്നു. പ്രവാചകനോട് ഇത്തരം ചോദ്യങ്ങളുന്നയിക്കാൻ മക്കക്കാരെ പ്രേരിപ്പിച്ചിരുന്നത് വേദവിശ്വാസികളായിരുന്നു. അവരെക്കൂടി പരിഗണിച്ചുകൊണ്ടുള്ളതാണ് സൂക്തത്തിന്റെ രണ്ടാം ഖണ്ഡത്തിലുള്ള മറുപടി. ഈ മറുപടി സൂറഃ *അൽബഖറ*യിലും *ആലു ഇംറാനി*ലും مُصَدِّقًا لِّمَا مَعَكُمْ -നിങ്ങളുടെ കൂടെയുള്ള വേദപ്രമാണങ്ങളുടെ സാക്ഷാത്കാരം എന്നു വ്യവഹരിച്ചിട്ടുണ്ട്. അതുതന്നെയാണ് ഇവിടെ- بَيِّنَةُ مَا فِى ٱلصُّحُفِ ٱلْأُولَىٰ -എന്ന വാക്യത്തിൽ പറയുന്നത്.

## 134

**മു**ൻ സൂക്തം പരാമർശിച്ച ചോദ്യത്തിന് വിഗ്രഹാരാധകരെ പരിഗണിച്ചുകൊണ്ടുള്ള മറുപടിയാണിത്. നിർഭാഗ്യവാന്മാരായ ഈയാളുകൾ മറ്റുള്ളവരുടെ പ്രേരണക്കുവഴങ്ങി ദൈവിക ശിക്ഷ ചോദിച്ചുകൊണ്ടിരിക്കുകയാണ്. പ്രവാചക നിയോഗത്തിനു മുമ്പ് അധർമങ്ങളാചരിച്ചതിന്റെ പേരിൽ അല്ലാഹു അവർക്കു നേരെ ശിക്ഷ അയച്ചിരുന്നുവെങ്കിൽ ഉയിർത്തെഴുന്നേൽപു നാളിൽ അവർ അല്ലാഹുവിനോട് ഇപ്രകാരം ന്യായം പറയുമായിരുന്നു: നാഥാ, ഞങ്ങൾക്കു നേർവഴി കാണിച്ചുതരാൻ നീ ഒരു ദൂതനെ അയച്ചുതന്നില്ലല്ലോ. അയച്ചു തന്നിരുന്നുവെങ്കിൽ ഞങ്ങൾ അദ്ദേഹത്തെ പിന്തുടരുകയും ഈ ഹീനതയിലും നിന്ദ്യതയിലും അകപ്പെടാതെ രക്ഷപ്പെടുകയും ചെയ്യുമായിരുന്നുവല്ലോ. ഇങ്ങനെ ഒഴികഴിവു പറയാനുള്ള പഴുതടച്ചുകൊണ്ട് നാം അവരിലേക്ക് സത്യപ്രബോധകനെ അയച്ചിരിക്കുകയാണ്. ഇനിയും വിശ്വസിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ അവരാവശ്യപ്പെട്ട കാര്യം തന്നെ അവർക്കുമുമ്പിൽ പ്രത്യക്ഷപ്പെടുന്നതാണ്.

സാമാന്യ ഭാഷയിൽ ذلة ഉം خزي ഉം പര്യായങ്ങളാണ്. രണ്ടുപദവും ഒരുമിച്ചുവരുമ്പോൾ അർഥത്തിൽ സൂക്ഷ്മമായ വ്യത്യാസമുണ്ടാകുന്നു. സ്വയം അധമനാണെന്ന തോന്നൽ-അപകർഷതാബോധം ആണ് ذلة. മറ്റുള്ളവരുടെ കണ്ണിലും താൻ നീചനായിരിക്കുന്നുവെന്ന അറിവാണ് خزي. ഞങ്ങൾ നിന്ദിതരാണെന്ന് സ്വയം ബോധ്യപ്പെടുന്നതിനും മറ്റുള്ളവരുടെ മുമ്പിൽ അപമാനിതരാകുന്നതിനും മുമ്പ് എന്നാണ് مِن قَبْلِ أَن نَّذِلَّ وَنَخْزَىٰ എന്ന വാക്യത്തിന്റെ താൽപര്യം.

## 135

**ശ**ക്തവും വ്യക്തവുമായ ഒരു മുന്നറിയിപ്പോടുകൂടി സൂറഃ *ത്വാഹാ* സമാപിക്കുകയാണ്. തൊട്ടുമുമ്പുള്ള രണ്ടു സൂക്തങ്ങളിലും സംസാരം പ്രഥമ പുരുഷ വചനത്തിലായിരുന്നു. അതിൽനിന്നു മാറി, കനത്ത താക്കീതിന്റെയും ആക്ഷേപത്തിന്റെയും ശൈലി സ്വീകരിച്ച് സംബോധിതരെ മുന്നിൽനിർത്തിയെന്നോണം പറയുകയാണ്: സത്യം അംഗീകരിക്കാനും ആചരിക്കാനും തയാറുള്ളവർക്ക് അതിനുവേണ്ടത്ര തെളിവുകളും ന്യായങ്ങളും അല്ലാഹു അവതരിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. അവയുൾക്കൊള്ളാതെയും സത്യവിശ്വാസം കൈക്കൊള്ളാതെയും ഇനിയും അന്ധവിശ്വാസങ്ങളിലുറച്ചുനിന്ന് അസത്യത്തിന്റെയും അധർമങ്ങളുടെയും മാർഗത്തിലൂടെ തന്നെ മുന്നേറുകയാണെങ്കിൽ എല്ലാവരോടും അസന്ദിഗ്ധമായി പ്രസ്താവിച്ചുകൊള്ളുക: നിർണായകമായ ഘട്ടം ഇതാ അടുത്തുകൊണ്ടിരിക്കുന്നു. രണ്ടു കക്ഷികൾ തമ്മിലുള്ള ഈ സംഘട്ടനത്തിന്റെ പര്യവസാനം, ഈ തോണി ഏതു കടവിലാണണയാൻ പോകുന്നതെന്ന് എല്ലാവരും കാത്തിരിക്കുകയാണ്. നിങ്ങളും കാത്തിരുന്നു കാണുക. വളവുതിരിവുകളും കുന്നുകുഴികളുമില്ലാത്ത നേരായ വഴിയിൽ സഞ്ചരിച്ചിരുന്നതാരാണെന്ന് ഏറെ കഴിയുംമുമ്പ് നിങ്ങൾക്ക് മനസ്സിലാകും. ഈ സൂക്തത്തിൽ مَنِ اهْتَدَىٰ എന്നതിനുശേഷം നിരുക്തമായ ഒരു വാക്യമുണ്ട്. വഴിതെറ്റി ദുർഘടപാതയിലൂടെ സഞ്ചരിച്ച് നാശഗർത്തത്തിലെത്തുന്നത് ആരെന്നും മനസ്സിലാകും എന്ന അർഥത്തിലുള്ളതാണാ വാക്യം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സൂറഃ *ത്വാഹാ*യുടെ ബോധനം ഇവിടെ സമാപിക്കുന്നു. കരുണാമയനായ അല്ലാഹു പിഴവുകൾ പൊറുത്തുതരികയും ശരികൾ തോന്നിക്കുകയും ചെയ്യുമാറാകട്ടെ - ആമീൻ. ■